പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2510 | 18.06.2014 ൽ മറുപടിക്ക്.

## സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് നിയമ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ടെക്സ്റ്റൈൽ സ്ഥാപനങ്ങളിലും കടകളിലും ജോലി ചെയ്യുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികളെ മണിക്കൂറുകളോളം ഇരിക്കാനനുവദിക്കാതെ ജോലി ചെയ്യിപ്പിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇത്തരം സ്ഥാപന ഉടമകൾക്കെതിരെ നടപടി എടുക്കാനും തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാനും ഉതകുന്ന നിയമനിർമ്മാണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം 21.05.2014 മുതൽ 31.05.2014 വരെ സംസ്ഥാന വ്യാപക മായി 712 തുണിക്കടകളിൽ സ്ക്വാഡ് ഇൻസ്പെക്ഷനുകൾ നടത്തി, തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുകയും, പരിശോധനാ വേളയിൽ കാണപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ, നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി. ഉപഭോക്താക്കളുടെ ബാഹുല്യമുള്ള സമയങ്ങളിൽ കച്ചവട സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് |

ജോലിക്കിടെ ഇരിക്കുവാൻ പറ്റാത്ത സാഹചര്യമാണുള്ളത് എന്ന് മിക്ക ജീവനക്കാരും പരിശോധനയ്ക്കിടെ അഭിപ്രായപ്പെട്ടു. ജീവനക്കാരുടെ അവകാശം സംരക്ഷിക്കുന്നതിനുതകുന്ന ഭേദഗതി വരുത്തുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ 2014 സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.